©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ഏപ്രിൽ 26<br>26th April 2018<br>1193 മേടം 13<br>13th Medam 1193<br>1940 വൈശാഖം 6<br>6th Vaisakha 1940 | നമ്പർ<br>No. 1072 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

### വിജ്ഞാപനം

*2018 ഏപ്രിൽ 26*
നമ്പർ 8341/ലെഗ്.സി3/2018/നിയമം. *തിരുവനന്തപുരം, 1193 മേടം 13*
*1940 വൈശാഖം 6.*

2018 ഏപ്രിൽ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെ പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/1594/2018/S-21.

2018-ലെ 35-ാം നമ്പർ ഓർഡിനൻസ്

# 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും ;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2015 നവംബർ 12-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 13-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന് (1994-ലെ 13), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതിക്ക് വിധേയമായി പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

3. 159-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 159-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ "പതിനഞ്ച് മാസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "മുപ്പത് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

പി. സദാശിവം,
*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 8341/Leg. C3/2018/Law.

*Dated, Thiruvananthapuram,* *26th April, 2018*
*13th Medam, 1193*
*6th Vaisakha, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English Language of the Kerala Panchayat Raj (Second Amendment) Ordinance, 2018 (35 of 2018).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 35 OF 2018

## THE KERALA PANCHAYAT RAJ (SECOND AMENDMENT) ORDINANCE, 2018

Promulgated by the Governor of Kerala in the Sixty-ninth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Panchayat Raj Act, 1994.*

*Preamble.*—WHEREAS, it is expedient further to amend the Kerala Panchayat Raj Act, 1994 for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala in not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Panchayat Raj (Second Amendment) Ordinance, 2018.

(2) It shall be deemed to have come into force on the 12th day of November, 2015.

2. *Act 13 of 1994 to be temporarily amended.*—During the period of operation of this Ordinance, the Kerala Panchayat Raj Act, 1994 (13 of 1994) (hereinafter referred to as the principal Act) shall have effect subject to the amendment specified in section 3.

3. *Amendment of section 159.*—In sub-section (1) of section 159 of the principal Act, for the words "fifteen months", the words "thirty months" shall be substituted.

P. SATHASIVAM,
*GOVERNOR.*